<u>പിഗ് ഫാറ്റനിംഗ് യൂണിറ്റ്</u>

മാംസോല്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയതായി ആവിഷ്കരിച്ച പദ്ധതിയാണിത്. ഒരു കർഷകന് 10 പന്നിക്കുഞ്ഞുങ്ങൾ വീതമുള്ള മാംസോല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിന് 50,000 രൂപ ധനസഹായം നൽകുന്നു. പദ്ധതി നിർവ്വഹണം നടന്നുകൊണ്ടിരിക്കുകയാണ്.

<u>ജൈവമാലിന്യം വളമാക്കൽ പദ്ധതി</u>

വ്യാപിച്ചു വരുന്ന ജൈവകൃഷി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനും ക്ഷീര കർഷകർക്ക് ജൈവമാലിന്യ നിർമ്മാർജ്ജനത്തിനുമായി ആവിഷ്കരിച്ച പദ്ധതിയാണിത്. 25,000 രൂപ മുതൽമുടക്കുള്ള 10 മീറ്റർ ക്യൂബിൽ കുറയാത്ത ചാണകക്കുഴിക്ക് 12,500 രൂപ സബ്സിഡി നൽകുന്നു. 4 ഗുണഭോക്താക്കളെ മണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കുന്നു.

**തെരുവുനായ വംശവർദ്ധന നിയന്ത്രണ പദ്ധതി**

141 (914) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച തെരുവുനായ വംശവർദ്ധന നിയന്ത്രണ പദ്ധതി നിലവിൽ എത്ര മൃഗാശുപത്രികളിലാണ് ആരംഭിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇതിലൂടെ എത്ര തെരുവുനായ്ക്കൾക്ക് ശസ്ത്രക്രിയ നടത്തി; പ്രസ്തുത പദ്ധതി വിജയകരമാണോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എല്ലാ ജില്ലകളിലുമായി 73 മൃഗാശുപത്രികളിൽ തെരുവുനായ വംശവർദ്ധന നിയന്ത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) 47473 തെരുവുനായ്ക്കൾക്ക് ശസ്ത്രക്രിയ നടത്തി. പദ്ധതി വിജയകരമാണ്.

**മൃഗസംരക്ഷണ വകുപ്പിനുകീഴിൽ ഈവനിംഗ് ക്ലിനിക്ക്**

142 (915) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ താലൂക്കിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഈവനിംഗ് ക്ലിനിക് ഇല്ലാത്തതിനാൽ ക്ഷീരകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രശ്നം പരിഹരിക്കുന്നതിന് നിലവിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) താലൂക്കിലെ ക്ഷീര കർഷകർക്ക് ഏറെ ആശ്വാസം പകരുന്ന ഈവനിംഗ് ക്ലിനിക് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാനത്തെ 85 ബ്ലോക്കുകളിൽ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. 13-ാം പദ്ധതിക്കാലത്ത് സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും ഈ സേവനം ഏർപ്പെടുത്താൻ സർക്കാർ ലക്ഷ്യമിടുന്നു. ബ്ലോക്ക്തലത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഒരു വെറ്ററിനറി ഡോക്ടറുടെ സേവനത്തിനുപുറമെ സംസ്ഥാനത്ത് 50,000 രൂപയുടെ ജീവൻരക്ഷാ വെറ്ററിനറി മരുന്നുകളും നൽകുന്നു.

(സി) നിലവിൽ മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി, പെരിന്തൽമണ്ണ, നിലമ്പൂർ, പൊന്നാനി, മലപ്പുറം എന്നീ 5 ബ്ലോക്കുകളിൽ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പുതുതായി ബ്ലോക്കുകളിൽ സേവനം ഏർപ്പെടുത്തുമ്പോൾ തിരൂർ ബ്ലോക്ക് കൂടി പരിഗണിക്കാവുന്നതാണ്.

**മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ**

143 (916) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽ നടത്തുന്ന വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഓച്ചിറ ബ്ലോക്ക് പരിധിയിൽ തീറ്റപ്പുൽ കൃഷിക്ക് സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly